ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 08.11.2025**

## പ്രധാനവാർത്തകൾ

1. അംഗോള, ബോട്സ്വാന സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു യാത്ര തിരിച്ചു. അംഗോള പ്രസിഡൻറുമായി രാഷ്ട്രപതി നാളെ ഉഭയകക്ഷി ചർച്ച നടത്തും.

2. കേരളത്തിൻറെ മൂന്നാം വന്ദേഭാരത് എക്സ്പ്രസായ എറണാകുളം -KSR ബെംഗളൂരു സർവീസിൻറെ ഫ്ലാഗ് ഓഫ് പ്രധാനമന്ത്രി നരേന്ദ്രമോദി നിർവഹിച്ചു.

3. മുഖ്യമന്ത്രി പിണറായി വിജയൻ യു എ ഇ മന്ത്രിയുമായി കൂടിക്കാഴ്ച നടത്തി.

4. കേരളത്തിനായി നബാർഡിൻറെ 1,441 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം.

5. തീവ്ര വോട്ടർപ്പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായി പ്രവാസി വോട്ടർമാർക്ക് മാത്രമായി കോൾ സെൻററിന് രൂപം നൽകുമെന്ന് സി.ഇ.ഒ രത്തൻ യു കേൽക്കർ.

6. `മഴമൂലം മത്സരം ഉപേക്ഷിച്ചതോടെ ഓസ്ട്രേലിയക്കെതിരായ പുരുഷ ട്വൻറി- 20 ഏകദിന ക്രിക്കറ്റ് പരമ്പര ഇന്ത്യക്ക്.

**************

RNUTVPM

## രാഷ്ട്രപതി

ആഫ്രിക്കൻ രാജ്യങ്ങളായ അംഗോള, ബോട്സ്വാന സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിൽ നിന്ന് പുറപ്പെട്ടു. ഇന്ന് രാത്രി രാഷ്ട്രപതി അംഗോളയിലെത്തും. പ്രസിഡൻറ് ലോറെൻസോയുമായി ഞായറാഴ്ച ശ്രീമതി മുർമു ഉഭയകക്ഷി ചർച്ച നടത്തും. അംഗോള പാർലമെൻറിനെ അഭിസംബോധന ചെയ്യുന്ന രാഷ്ട്രപതി ഇന്ത്യൻ സമൂഹവുമായി സംവദിക്കും. തുടർന്ന് ശ്രീമതി മുർമു ബോട്സ്വാനയിലേക്ക് തിരിക്കും.

**************

## പ്രധാനമന്ത്രി- വന്ദേഭാരത്

കേരളത്തിന് അനുവദിച്ച മൂന്നാം വന്ദേഭാരത് എക്സ്പ്രസ്, സർവീസ് തുടങ്ങി. എറണാകുളത്ത് നിന്ന് KSR- ബെംഗളൂരുവിലേക്കുള്ള വന്ദേഭാരത് എക്സ്പ്രസിൻറെ ഫ്ലാഗ് ഓഫ് പ്രധാനമന്ത്രി നരേന്ദ്രമോദി വീഡിയോ കോൺഫറൻസിങ് മുഖേന നിർവഹിച്ചു. ഇതുൾപ്പെടെ നാല് പുതിയ വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകളാണ് ശ്രീ മോദി ഇന്ന് വാരാണസിയിൽ ഫ്ലാഗ് ഓഫ് ചെയ്തത്. കൊച്ചിയിൽ നടന്ന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, കേന്ദ്രമന്ത്രിമാരായ സുരേഷ് ഗോപി, ജോർജ് കുര്യൻ, മന്ത്രി പി രാജീവ് എന്നിവർ പങ്കെടുത്തു. വന്ദേഭാരത് ട്രെയിനിന് പാലക്കാട് ജംഗ്ഷൻ റയിൽവേ സ്റ്റേഷനിൽ നൽകിയ സ്വീകരണം വി കെ ശ്രീകണ്ഠൻ എം.പി ഉദ്ഘാടനം ചെയ്തു.

**************

## ബെംഗളൂരു വന്ദേഭാരത്-ഇൻട്രോ

എറണാകുളം മുതൽ KSR ബെംഗളൂരു വരെയുള്ള 630 കിലോമീറ്റർ ദൂരം വന്ദേഭാരത് എക്സ്പ്രസിൽ 8 മണിക്കൂർ 40 മിനിറ്റിൽ പിന്നിടാനാകും. തൃശൂർ , പാലക്കാട് , കോയമ്പത്തൂർ , തിരുപ്പൂർ, ഈറോഡ് , സേലം , KRപുരം എന്നിവിടങ്ങളിൽ സ്റ്റോപ്പുകളുണ്ട്. ബുധൻ ഒഴികെയുള്ള

RNU TVPM

ദിവസങ്ങളിൽ ബെംഗളൂരുവിൽ നിന്ന് പുലർച്ചെ 5.10ന് പുറപ്പെട്ട് ഉച്ചയ്ക്ക് 1.50ന് എറണാകുളത്തെത്തും. തിരിച്ച് എറണാകുളത്ത് നിന്ന് ഉച്ചയ്ക്ക് 2.20ന് പുറപ്പെട്ട് രാത്രി 11 മണിക്ക് ബെംഗളൂരുവിലെത്തുന്ന തരത്തിലാണ് സർവ്വീസ്.

**പുതിയ വന്ദേഭാരത് സർവ്വീസ് ഏറെ ഗുണകരമാകുമെന്ന് ബെംഗളൂരുവിൽ വിദ്യാർത്ഥിനിയായ മേഘ മനോജ് ആകാശവാണി വാർത്തകളോട് പറഞ്ഞു.**

(ഹോൾഡ്)

**************

<u>മുഖ്യമന്ത്രി -കൂടിക്കാഴ്ച</u>

യു എ ഇ യിൽ സന്ദർശനം തുടരുന്ന മുഖ്യമന്ത്രി പിണറായി വിജയൻ യു എ ഇ മന്ത്രി ഷെയ്ഖ് നഹ്യാൻ ബിൻ മുബാറക് അൽ നഹ്യാനുമായി കൂടിക്കാഴ്ച നടത്തി. മന്ത്രിയുടെ വസതിയിലായിരുന്നു കൂടിക്കാഴ്ച. കേരളവും യു എ ഇയുമായുള്ള ബന്ധം കൂടുതൽ ഊഷ്മളമാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ചയിൽ ഉയർന്നുവന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

RNU TVPM

**************

<u>വോട്ടർപട്ടിക- തെരഞ്ഞെടുപ്പ് ഓഫീസർ</u>

തീവ്ര വോട്ടർപ്പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി എന്യൂമെറേഷൻ ഫോം ഒപ്പിട്ടു നൽകുന്ന മുഴുവൻ പേരെയും കരട് പട്ടികയിൽ ഉൾപ്പെടുത്തുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. SIR ഉമായി ബന്ധപ്പെട്ട് തിരഞ്ഞെടുപ്പ് കമ്മീഷൻ വിളിച്ചു ചേർത്ത സർവ്വകക്ഷി യോഗത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. സംസ്ഥാനത്ത് ഇതുവരെ 36 ലക്ഷത്തിലധികം പേർക്ക് എന്യൂമെറേഷൻ ഫോം വിതരണം ചെയ്തു. . പ്രവാസി വോട്ടർമാർക്ക് മാത്രമായി കോൾ സെന്ററിനും, ഇ-മെയിൽ ഐഡിയ്ക്കും രൂപം നൽകുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

**************

## കെ.എൻ.ബാലഗോപാൽ-പ ത്തനംതിട്ട

സംസ്ഥാനത്ത് പ്രതിമാസം 2,000 രൂപയായി വർധിപ്പിച്ച സാമൂഹിക സുരക്ഷാ പെൻഷനും കുടിശികയിലെ അവസാന ഗഡുവായ 1,600 ഉൾപ്പടെ 3,600 രൂപ ഈ മാസം - 20 നു ശേഷം വിതരണം ചെയ്യുമെന്ന് മന്ത്രി കെ.എൻ.ബാലഗോപാൽ.

പത്തനംതിട്ടയിൽ നെടുമ്പ്രം പഞ്ചായത്തിലെ വിവിധ പദ്ധതികൾക്ക് തുടക്കം

കുറിക്കുകയായിരുന്നു അദ്ദേഹം. സാധാരണക്കാർക്ക് നിരവധി ആനൂകൂല്യങ്ങൾ നൽകുന്ന സമീപനമാണ് സംസ്ഥാന സർക്കാരിന്റേതെന്നും മന്ത്രി പറഞ്ഞു.

**************

## ആകാശവാണി സംഗീത സമ്മേളനം - ഇൻട്രോ

ആകാശവാണി സംഗീത സമ്മേളനത്തിന് തിരുവനന്തപുരത്ത് തുടക്കമായി. വൈലോപ്പിള്ളി സംസ്കൃതി ഭവനിലാണ് സംഗീത സമ്മേളനം നടക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി**
**രെജു കോലിയക്കോട്...**
**(വോയിസ്)**

RNU TVPM

**************

## നബാർഡ് ഫണ്ട്

നബാർഡിൻറെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന ഫണ്ടിന് കീഴിൽ കേരളത്തിനായി 1,441.24 കോടി രൂപയുടെ വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് അംഗീകാരം. ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള ഉന്നതാധികാര സമിതിയാണ് അംഗീകാരം നൽകിയത്.

വനം , വൈദ്യുതി ,ജലവിഭവ വകുപ്പ് എന്നീ വകുപ്പുകൾക്കാണ് പണം അനുവദിച്ചത്.

**************

## നല്ലവാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത"എല്ലാ

ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ൻറെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

**************

## പാർലമെന്റ് ശൈത്യകാല സമ്മേളനം

പാർലമെൻറിൻറെ ശൈത്യകാല സമ്മേളനം അടുത്ത മാസം ഒന്ന് മുതൽ 19 വരെ നടക്കും. രാഷ്ട്രപതി ദ്രൗപദി മുർമു ഇത് സംബന്ധിച്ച് അംഗീകാരം നൽകിയതായി കേന്ദ്രമന്ത്രി കിരൺ റിജിജു അറിയിച്ചു.

**************

## ബീഹാർ

ബീഹാർ നിയമസഭാ തെരഞ്ഞെടുപ്പിൻറെ രണ്ടാം ഘട്ടത്തിനായുള്ള പരസ്യ പ്രചാരണം നാളെ അവസാനിക്കും. എൻ.ഡി.എയുടെയും മഹാ സഖ്യത്തിൻറെയും നേതാക്കൾ പ്രചാരണരംഗത്ത് സജീവമാണ്. 20 ജില്ലകളിലായി 122 മണ്ഡലങ്ങളിൽ ചൊവ്വാഴ്ചയാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ നവംബർ 14 ന് നടക്കും.

**************

## മന്ത്രി വി. എൻ. വാസവൻ - ഇൻട്രോ

പാലക്കാട് 31 സഹകരണ സംഘങ്ങൾ നെല്ല് സംഭരിക്കാൻ തയാറാണെന്ന് അറിയിച്ചതായി മന്ത്രി വി. എൻ. വാസവൻ. സഹകരണ ബാങ്കുകൾ വഴി നെല്ല് സംഭരിക്കുന്നത് ചർച്ച ചെയ്യാൻ ചേർന്ന മന്ത്രിസഭാ ഉപസമിതി യോഗത്തിന് ശേഷം പാലക്കാട് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.
**(വോയിസ്)**

**************

## മന്ത്രി വീണാ ജോർജ്

ഇടുക്കി ജില്ലയിൽ രണ്ട് കാത്ത് ലാബുകൾ അനുവദിച്ചതായി ആരോഗ്യമന്ത്രി വീണാ ജോർജ്. ഇടുക്കി വികസന പാക്കേജിൽ ഉൾപ്പെടുത്തി ഇടുക്കി മെഡിക്കൽ കോളേജിലും അടിമാലി താലൂക്ക് ആസ്ഥാന ആശുപത്രിയിലുമാണ് കാത്ത് ലാബ് അനുവദിച്ചത്. ഇവ പ്രവർത്തന സജ്ജമാകുന്നതോടെ കേരളം രാജ്യത്ത് എല്ലാ

RNU TVPM

ജില്ലകളിലും കാത്ത് ലാബുള്ള ആദ്യ സംസ്ഥാനമായി മാറുമെന്നും ആരോഗ്യമന്ത്രി പറഞ്ഞു.

**************

## ഇന്ത്യ-ഓസ്ട്രേലിയ ക്രിക്കറ്റ്

ഓസ്ട്രേലിയയ്ക്കെതിരായ പുരുഷ ട്വൻറി- 20 ഏകദിന ക്രിക്കറ്റ് പരമ്പര ഇന്ത്യയ്ക്ക്. മഴമൂലം ഇന്ന് നടന്ന അവസാന മത്സരം ഉപേക്ഷിച്ചതോടെയാണ് 2-1 എന്ന ലീഡോടെ ഇന്ത്യ കിരീടം ചൂടിയത്. ഇന്ന് നടന്ന അവസാന മത്സരത്തിൽ കളി നിർത്തുമ്പോൾ ബാറ്റ് ചെയ്യുകയായിരുന്ന ഇന്ത്യ 4 .5 ഓവറിൽ വിക്കറ്റ് ഒന്നും നഷ്ടമാവാതെ 52 റൺസ് നേടി .

**************

## പി എ മുഹമ്മദ് റിയാസ്-കോഴിക്കോട്

ഗ്രാമീണ മേഖലകളിൽ ആധുനിക സൗകര്യങ്ങളോടെയുള്ള ആരോഗ്യ കേന്ദ്രങ്ങൾ യാഥാർത്ഥ്യമാക്കാൻ സാധിച്ചതായി മന്ത്രി പി എ മുഹമ്മദ് റിയാസ്. കോഴിക്കോട് കുന്ദമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിന് പുതുതായി നിർമിച്ച കവാടം, കളരിക്കണ്ടിയിൽ നിർമിച്ച ആയുർവേദ ഡിസ്പെൻസറി കെട്ടിടം, എന്നിവ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

RNUTVPM

**************

## മദർ ഏലീശ്വ വാഴ്ത്തപ്പെട്ട പദവി

മദർ ഏലീശ്വയെ കത്തോലിക്കാ സഭയിലെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തി. എറണാകുളം വല്ലാർപാടം ബസിലിക്കയിൽ നടന്ന ചടങ്ങിൽ മാർപാപ്പയുടെ പ്രതിനിധിയാണ് പ്രഖ്യാപനം നടത്തിയത്. തുടർന്ന് മദറിന്റെ തിരുശേഷിപ്പ് വല്ലാർപാടം പള്ളിയിലെ അൾത്താരയിൽ പ്രതിഷ്ഠിച്ചു.

**************

## രഘുചന്ദ്രബാലിന് അന്ത്യാഞ്ജലി.

മുൻ മന്ത്രിയും കോൺഗ്രസ് നേതാവുമായ എം ആർ രഘുചന്ദ്രബാലിന് അന്ത്യാഞ്ജലി. നാളെ രാവിലെ 10ന് ഡിസിസി ഓഫീസിലും 11.30 ന് കാഞ്ഞിരംകുളം ദൃശ്യ ഓഡിറ്റോറിയത്തിലും

ഭൗതികശരീരം പൊതുദർശനത്തിന് വയ്ക്കും. വൈകുന്നേരം മൂന്ന് മണിക്ക് കാഞ്ഞിരംകുളത്തെ കുടുംബവീട്ടിലാണ് സംസ്കാരം.

**************

## മുങ്ങി മരിച്ചു

ഇടുക്കിയിൽ പ്ലസ് വൺ വിദ്യാർഥി ചെക്ക് ഡാമിൽ മുങ്ങി മരിച്ചു. നെടുംകണ്ടം സ്വദേശി അനന്തു രാജേഷാണ് മരിച്ചത്. സുഹൃത്തുക്കൾക്കൊപ്പം ചെക്ക് ഡാമിൽ മീൻ പിടിക്കാൻ എത്തിയതായിരുന്നു അനന്തു.

**************

## കണ്ണൂർ അപകടം

കണ്ണൂർ മട്ടന്നൂരിനടുത്ത് പത്തൊൻപതാം മൈലിൽ ബസ്സും രണ്ട് പിക്കപ്പ് വാനുകളും കൂട്ടിയിടിച്ച് കർണാടക സ്വദേശിയായ വാൻ ഡ്രൈവർ മരിച്ചു. ബസ് യാത്രക്കാർ ഉൾപ്പെടെ 14 പേർക്ക് പരിക്കേറ്റു.

**************

## കൽപാത്തി രഥോത്സവം

പാലക്കാട് കൽപാത്തി രഥോത്സവത്തിന് കൊടിയേറി. പ്രധാനപ്പെട്ട നാല് ക്ഷേത്രങ്ങളിലും കൊടിയേറ്റ ചടങ്ങുകൾ നടന്നു. ഈ മാസം 14 നാണ് ഒന്നാം തേരുത്സവം.

RNUTVPM

**************

## വിള ഇൻഷുറൻസ്

കാലാവസ്ഥ അടിസ്ഥാനമാക്കിയുള്ള വിള ഇൻഷുറൻസ് പദ്ധതിയിൽ പാലക്കാട് ജില്ലയിലെ നെൽകർഷകർക്ക് പേര് ചേർക്കാനുള്ള അവസാന തീയതി ഈ മാസം 15 വരെ നീട്ടാൻ കേന്ദ്ര കൃഷി മന്ത്രാലയം തീരുമാനിച്ചതായി ജില്ലാ കൃഷി ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. നെൽകൃഷി ആരംഭിക്കാൻ പ്രാദേശികമായി ഉണ്ടായ കാലതാമസത്തെ തുടർന്ന് കർഷകരുടെ എൻറോൾമെന്റ് നിരക്ക് കുറവായതിനാലാണ് തീരുമാനം.

**************

**********

*****